# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5314**

26-03-2018-ൽ
മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം

ചോദ്യം | ഉത്തരം

ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. കെ. ബാബു
ശ്രീ. എം. മുകേഷ്
ശ്രീ. പി. ടി. എ. റഹീം

:

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യാപീഠങ്ങളെയും ഉൽകൃഷ്ട സ്ഥാപനങ്ങൾ (Centres of Excellence) ആക്കിത്തീർക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യാപീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തുടർച്ചയായ ഗുണനിലവാരം വിലയിരുത്തുന്നതിനും/ മെച്ചപ്പെടുത്തുന്നതിനും, ലൈബ്രറിയുടെ കാര്യക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് വായനാ സൗകര്യങ്ങളുള്ള മുറികൾ സജ്ജീകരിക്കുന്നതിനും, ഈ പദ്ധതിയുടെ കീഴിൽ നേരത്തെ തന്നെ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | യിട്ടുള്ള കോളേജുകളുടെ ഗുണ നിലവാരം നിരീക്ഷിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വിദ്യാർത്ഥികളുടെയും അധ്യാപക രുടെയും വ്യക്തിഗത ഗുണനില വാരം വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. |
| *(ബി)* | സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ ഭൗതിക സൗകര്യ വികസനത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;വ്യക്തമാക്കാമോ; | *(ബി)* | കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജു കളുടെ ഭൗതിക സൗകര്യ വികസ നത്തിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ (2017-18) 36 ശീർഷകങ്ങളിലായി 12190 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തി യിട്ടുണ്ട്.<br><br>ബഹു. ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിലെ 186-ാം ഖണ്ഡികയുടെ അടി സ്ഥാനത്തിൽ സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്ര ങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗ മായി കിഫ്ബിയിൽ ഉൾ പ്പെടുത്തി സ.ഉ (കൈ) നം. 285/17/ഉ.വി.വ തീയതി 13.11.2017 പ്രകാരം 48 |

| | | | |
|---|---|---|---|
| | | | സർക്കാർ കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച പന്ത്രണ്ട് ആർട്സ് & സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും കിഫ്ബി പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. മാത്രമല്ല, പുതിയതായി ആരംഭിച്ച കോളേജുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ, ആർട്സ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി ലാബ്, ലൈബ്രറി എന്നിവ ഡിജിറ്റലൈസ് ചെയ്യുക, ഭാഷാ ലാബുകൾ ആരംഭിക്കുക, സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുക, കോളേജുകൾക്കാവശ്യമായ മുഴുവൻ കമ്പ്യൂട്ടറും മറ്റ് ഐ.റ്റി അധിഷ്ഠിത ഉപകരണങ്ങളും വാങ്ങുക, എല്ലാ വകുപ്പുകളും തമ്മിൽ നെറ്റ് വർക്കിംഗ് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുക, സ്മാർട്ട് ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി അധ്യാപകർക്ക് ട്രെയിനിംഗ് നൽകുക മുഴുവൻ സമയ Wi-Fi internet സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു അടിസ്ഥാന സൗകര്യവികസന പദ്ധതി രേഖ തയ്യാറാക്കി, Special Purpose Vehicle (SPV) ആയ KITE എന്ന സ്ഥാപനം മുഖാന്തിരം KIIFB ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| *(സി)* | പൈതൃക കോളേജുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതിയിൽ ഏതൊക്കെ കോളേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ? | *(സി)* | പൈതൃക കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നിവയെ സർക്കാർ ഉത്തരവ് നം. G.O (MS) 285/2017/H.Edn തീയതി 13-11-2017 പ്രകാരം ഉൾപ്പെടുത്തിയിരുന്നു. ഇതിനായി 150 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ |

| | | | |
|---|---|---|---|
| | | | സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ/ഡി.പി.ആർ എന്നിവ തയ്യാറാക്കുന്നതിനായി കിറ്റ്കോ, ടെക്നിക്കൽ എഡ്യൂക്കേഷൻ ടീം എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ